1	2	3	4	5
2	പഴയകുന്നുമ്മേൽ	53	പണി ആരംഭിച്ചിട്ടില്ല.	LSGD
		43	ടെൻഡർ നടപടി കളിലാണ്	LSGD
3	പുളിമാത്ത്	7	ടെൻഡർ നടപടി കളിലാണ്	LSGD
		23	ടെൻഡർ നടപടി കളിലാണ്	LSGD
4	കരവാരം	84	പണി പുരോഗതി യിലാണ്	LSGD
		113	പണി പുരോഗതി യിലാണ്	LSGD

(സി) കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം

332(1711) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഇപ്പോഴത്തെ പ്രതിമാസ ഓണറേറിയം എത്രയാണ്;

(ബി) ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്രയായി വർദ്ധിപ്പിക്കും; എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്കണവാടി വർക്കർ, ഹെൽപ്പർമാരുടെ ഓണറേറിയത്തിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു:

1	2	3	4	5
	സംസ്ഥാന വിഹിതം	കേന്ദ്ര വിഹിതം	തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം	ആകെ
വർക്കർ	2600	3000	1000	6600
ഹെൽപ്പർ	2600	1500	1000	5100

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) 1-4-2016 മുതൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 7,000 രൂപയായും വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ആശ്വാസകിരണം പദ്ധതി

333(1712) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്, ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് ആരാണ്, നിലവിൽ തീർപ്പ് കല്പിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആശ്വാസകിരണം പദ്ധതിയുടെ അവലോകനം കേരള സാമൂഹ്യ സുരക്ഷാ മിഷൻ തലത്തിൽ നടത്താറുണ്ട്.

(ബി) ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധം കിടപ്പിലായ രോഗികളെയും തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്. കോഴിക്കോട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യനീതി ദിനാഘോഷത്തോടനുബന്ധിച്ച് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ 2015 ജൂലൈ മാസത്തിനുശേഷമുള്ള ധനസഹായം വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ധനസഹായം 2016 മാർച്ച് മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും ശിശുവികസന പദ്ധതി ഓഫീസറുടെയും ശിപാർശയോടുകൂടി ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly